(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഉണ്ട്.

(എഫ്) അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ ഭാഗമായുള്ള സമ്പൂർണ്ണ വികസന പരിപാടിയനുസരിച്ച് പട്ടികവർഗ്ഗ പട്ടികജാതി ഊരുകളിൽ അവരുടെ ജീവിത രീതിക്കും സമ്പ്രദായങ്ങൾക്കും അനുയോജ്യമായ വിധത്തിൽ പ്രസ്തുത ഊരുകളെ സ്വയം പര്യാപ്തമാക്കുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുവാനും ഓരോ കുടുംബത്തിന്റെയും വലിപ്പത്തിനനുസരിച്ചും ഓരോ അംഗത്തിന്റെയും ആവശ്യത്തിനനുസരിച്ചുമുള്ള വീടുകൾ നിർമ്മിച്ചു നൽകുന്നതിനുമാണ് വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം തന്നെ അവരുടെ സാമൂഹ്യ ആവശ്യങ്ങൾ കൂടി കണക്കിലെടുത്താണ് ഊരുപാതകളടക്കം പ്രസ്തുത ഊരുകളുടെ വികസനം ഉറപ്പാക്കുന്നത്.

25 വർഷം പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ

24(*205) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 25 വർഷം പൂർത്തിയാക്കിയ എത്ര ജലവൈദ്യുത പദ്ധതികളുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇവയുടെ നവീകരണ പ്രവർത്തനം നടത്തിയോ എന്നും എങ്കിൽ ഓരോന്നിന്റെയും നവീകരണത്തിന് ചെലവായ തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇവയുടെ ഓരോന്നിന്റെയും നവീകരണ പ്രവർത്തനം നടത്തിയത് ആരാണ് ;

(ഡി) ഇപ്പോൾ നവീകരണ പ്രവർത്തനം നടന്നുവരുന്നവ ഏതെല്ലാമെന്നും ആരാണ് ഇവയുടെ നവീകരണം സംബന്ധിച്ച് പണി നടത്തുന്നത് എന്നും വ്യക്തമാക്കുമോ ;

(ഇ) ഇവയുടെ ഓരോന്നിന്റെയും കരാർ തുക എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) 9 ജലവൈദ്യുത പദ്ധതികൾ. അവ താഴെ പറയുന്നവയാണ്.

1. പള്ളിവാസൽ
2. ചെങ്കുളം

LIBRARY ARCHIVES Kerala Legislative Assembly

3. പെരിങ്ങൽകുത്ത്
4. നേര്യമംഗലം
5. ചാലിയാർ
6. ശബരിഗിരി
7. ഷോളയാർ
8. കുറ്റ്യാടി
9. ഇടുക്കി രണ്ടാംഘട്ടം

(ബി) നവീകരണ ജോലികൾ പൂർത്തിയായ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. പള്ളിവാസൽ
2. ചെങ്കുളം
3. പന്നിയാർ

ഇവയുടെ നവീകരണത്തിനായി മൊത്തം 340 കോടി രൂപ ചെലവായിട്ടുണ്ട്. (ഇത് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്, ബാങ്ക് ചാർജ്, വായ്പയുടെ പലിശ എന്നിവ ഉൾപ്പെടെയാണ്.)

പള്ളിവാസൽ	- 100 കോടി രൂപ
ചെങ്കുളം	- 140 കോടി ,,
പന്നിയാർ	- 45 കോടി ,,
എസ്റ്റാബ്ലിഷ്മെന്റ് ചാർജ്	
ബാങ്ക് ചാർജ്	
പലിശ	- 55 കോടി
	340 കോടി

(സി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണം നടത്തിയത് കനേഡിയൻ കമ്പനിയായ എസ്. എൽ. സി. ലാവലിൻ ആണ്.

(ഡി) ഇപ്പോൾ നവീകരണ ജോലികൾ നടന്നുവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ശബരിഗിരി
2. നേര്യമംഗലം

ശബരിഗിരി പദ്ധതിയുടെ നവീകരണ ജോലികൾ നിർവഹിക്കുന്നത് ആസ്ട്രിയൻ കമ്പനിയായ 'വി. എ. ടെക് ഹൈഡ്രോ' ആണ്.

LIBRARY ARCHIVES Kerala Legislative Assembly

നേര്യമംഗലം പദ്ധതിയുടെ നവീകരണജോലി ഏൽപ്പിച്ചിരിക്കുന്നത് എ. ഡി. ബി. (ഏഷ്യൻ ഡ്രൗൺ ബോവറി) എന്ന സ്വിസ് കമ്പനിയെയാണ്. ഈ കമ്പനി സാർത്റ്റോം എന്ന കമ്പനിയുമായി സംയോജിച്ചതായി അറിയുന്നു.

(ഇ) ശബരിഗിരി നവീകരണ പദ്ധതിയുടെ കരാർ തുക 94.04 കോടി രൂപയാണ്.

നേര്യമംഗലം നവീകരണ പദ്ധതിയുടെ കരാർ തുക 10,032,000 സ്വിസ് ഫ്രാങ്ക് ആണ്. (നിലവിലുള്ള വിനിമയ നിയമമനുസരിച്ച് 30.6 കോടി രൂപ).

ജലക്ഷാമത്തിന് സ്ഥായിയായ പരിഹാരം

25(*206) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലക്ഷാമത്തിന് സ്ഥായിയായ പരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതി ജലസേചനവകുപ്പ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഈ സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ, എവിടെയൊക്കെ നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി, സെക്ടർ റിഫോംസ് പ്രോജക്ട്, ജലസേചന വകുപ്പ്, ഭൂജലവകുപ്പ് എന്നീ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം വലിയൊരളവുവരെ പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരള വാട്ടർ അതോറിറ്റി ഇതിനായി നടത്തിവരുന്ന 224 ശുദ്ധജല വിതരണ പദ്ധതികളിൽ 15 പദ്ധതികൾ 2002-2003-ൽ പൂർത്തീകരിച്ചു.

2002-2003-ൽ ഭരണാനുമതി നൽകിയ കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെയുള്ള 134 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളും എൻ. സി/പി. സി. വാർഡുകളിലേയ്ക്ക് കുടിവെള്ള വിതരണത്തിനായി 440 പദ്ധതികളും, പി. എം. ജി. വൈ. പദ്ധതിയുടെ കീഴിൽ 301 പദ്ധതികളും പുതിയ 4 ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 'വർഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 30 പഞ്ചായത്തുകളിൽ 623 യൂണിറ്റുകളും 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ചുള്ള പദ്ധതിയുടെ കീഴിൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ വിപുലീകരണത്തിനായി 40 പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2002-2003-ൽ എൽ. ഐ. സി. ധനസഹായത്തിന് അനുമതി ലഭിച്ച 27 പുതിയ ശുദ്ധജല വിതരണ പദ്ധതികൾ (8 നഗര ശുദ്ധജലവിതരണ പദ്ധതികളും 19 ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികളും) ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly